**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1681** **16-10-2026-ൽ മറുപടിയ്ക്ക്**

## ചാലക്കുടി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

**മറുപടി:** നവകേരള സദസ്സിനോടനുബന്ധിച്ചുള്ള ഫണ്ട് വിനിയോഗിച്ച് ചാലക്കുടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടം പൊതുമരാമത്ത് വകുപ്പ് (PWD) മുഖേന നിർമ്മിക്കുന്നതിന് 4 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**(ബി)** മേല്പറഞ്ഞ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുള്ളതായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ അവ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**മറുപടി:** മേൽപ്പറഞ്ഞ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. സാങ്കേതികാനുമതി ലഭിക്കുന്നതിന് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ആവശ്യമായ Price Mapping നടത്താൻ സാധിക്കുന്നില്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതായി കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയക്ടർ അറിയിച്ചിരുന്നു. ടി വിഷയം നിലവിൽ സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**